ഗ്രാമവ്യവസായങ്ങളെ പുനരുദ്ധരിക്കാൻ നടപടി

25 [T 699] ശ്രീ. പി. കെ. അബ്ദുറബ്ബ്:
„ സി. മോയിൻ കുട്ടി:
„ പി. കെ. കെ. ബാവ:
„ കെ. എൻ. എ. ഖാദർ:
„ സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവ്യവസായങ്ങളെ പുനരുദ്ധരിക്കുവാനും അതിനുവേണ്ടി സഹായ ധനവും പലിശരഹിത വായ്പയും നൽകുന്നതിനുംവേണ്ടി എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഇത്തരം പദ്ധതികൾ ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾവഴി പുനരുദ്ധാരണ ഗ്രാന്റ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

ഖാദി വ്യവസായ പുരോഗതിക്കായി ആവിഷ്ക്കരിച്ച പദ്ധതികൾ

26 [700] ശ്രീ. ടി. എം. ജേക്കബ്:
„ ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി വ്യവസായ പുരോഗതിക്കായി എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഖാദി വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നൽകുന്നുണ്ടോ;

(സി) ഇതിനായി എന്തു തുക ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്പെഷ്യൽ പാക്കേജ് പ്രകാരം 4 കോടി രൂപ ഖാദി വ്യവസായത്തിന് അനുവദിച്ചു. ഖാദി നൂൽപ് തൊഴിലാളികൾക്ക് ഉൽപ്പാദിപ്പിക്കുന്ന ഓരോ കഴി നൂലിനും 10 പൈസ നിരക്കിലും നെയ്ത്തുകാർക്ക് ഉപയോഗിക്കുന്ന ഓരോ കഴി നൂലിനും 10 പൈസ നിരക്കിലും ഉൽപ്പാദന ഇൻസെന്റീവ് അനുവദിച്ചു നൽകി. 2005-06 വർഷം നെയ്ത്തുകാർക്കുള്ള ഇൻസെന്റീവ് നിരക്ക് 40 പൈസയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക 2005-06 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

T— ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഖാദി ഗ്രാമ വ്യവസായ കമ്മീഷണറേറ്റിന്റെ പ്രോഡിപ്പ് (പ്രോഡക്ട് ഡവലപ്മെന്റ് ഡിസൈൻ ഇന്റർവെൻഷൻ ആന്റ് പാക്കേജിംഗ്) പദ്ധതിപ്രകാരം പുതിയ തുണിത്തരങ്ങളുടെ (സാറ്റിൻ ബഡ്ഷീറ്റ്, ഒരാൾ നെയ്യുന്ന കുപ്പടം മുണ്ടുകൾ, ടിൽ ഷർട്ടിംഗ്) നിർമ്മാണം ആരംഭിച്ചു. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിലുൾപ്പെടുത്തി പുതിയ ഇനങ്ങളായ മോക്ക് ലിനോ ടവൽ, ഡിസൈൻ ബഡ്ഷീറ്റ്, കൊതുകുവല എന്നിവയുടെ നിർമ്മാണവും ബോർഡ് ആരംഭിച്ചു. ഖാദി കമ്മീഷണറേറ്റിന്റെ ഖാദി കരിഗാർ ജനശ്രീ ബീമാ യോജന പദ്ധതിയിൽ 4028 തൊഴിലാളികളെ അംഗങ്ങളാക്കി. 536 തൊഴിലാളികളുടെ മക്കൾക്ക് 1200 രൂപാ വീതം വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു.

ഖാദി തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യം വർദ്ധിപ്പിച്ചു. പെൻഷൻ തുക കുറഞ്ഞത് 100 രൂപയിൽ നിന്ന് 300 രൂപ ആയും കൂടിയത് 300 രൂപയിൽ നിന്ന് 700 രൂപയായും വർദ്ധിപ്പിച്ചു. ഖാദി തൊഴിലാളികളുടെ പെൺമക്കൾക്കും സ്ത്രീ തൊഴിലാളികൾക്കും വിവാഹ ധനസഹായമായി 2000 രൂപ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തു.

(ബി) ഖാദി ചില്ലറ വിൽപ്പനക്ക് സംസ്ഥാന സർക്കാർ വർഷം മുഴുവൻ 10 ശതമാനം റിബേറ്റ് നൽകുന്നുണ്ട്.

(സി) പ്രതിവർഷം ശരാശരി 220 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,112.17 ലക്ഷം രൂപ റിബേറ്റിനത്തിൽ അനുവദിച്ചു.

ഖാദി ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതി ഇളവ് നൽകുവാൻ നടപടി

27 [701] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതി ഈടാക്കാറുണ്ടോ;

(ബി) എങ്കിൽ എത്ര ശതമാനമാണെന്നും വിറ്റുവരവ് പരിധി എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഏതെങ്കിലും ആനുകൂല്യം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഖാദി ഉൽപ്പന്നങ്ങൾക്ക് വിൽപ്പന നികുതിയിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly